(ബി) ഇതിനായി കായംകുളം എം.എൽ.എ. മുഖേന ലഭിച്ചിട്ടുള്ള നിവേദനങ്ങൾ എത്രയെന്നും അതിൽ എത്ര അനുവദിച്ചു എന്നും ഇനി എത്ര എണ്ണം അനുവദിക്കുവാനുണ്ട് എന്നുള്ള വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) 6425911 രൂപ (അറുപത്തി നാല് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി പതിനൊന്ന് രൂപ) ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ലഭിച്ച 5 നിവേദനങ്ങളിലും തുക അനുവദിച്ചിട്ടുണ്ട്. നിവേദനങ്ങളൊന്നും ശേഷിക്കുന്നില്ല.

5 (171) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടിയുള്ള സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് സഹായത്തിനായി എത്ര അപേക്ഷ ലഭിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേരുടെ അപേക്ഷ പരിഗണിച്ചു എത്രയെണ്ണം നിരസിച്ചു; എത്രയെണ്ണം മാറ്റിവച്ചു;

(സി) മറവൻകോട് മിച്ചഭൂമി കോളനിയിലെ താമസക്കാർ അവിടെ നിന്നും ഒഴിഞ്ഞുപോകില്ലെന്നും അവർക്ക് പട്ടയം നൽകുന്ന നടപടികൾ നടന്നുവരികയാണെന്നും റവന്യൂ വകുപ്പ് കത്ത് നൽകിയിട്ടും കൈവശരേഖ ഇല്ല എന്ന കാരണത്താൽ കോളനിനിവാസികളായ പട്ടികജാതിക്കാരുടെ ഭവന നിർമ്മാണസഹായ അപേക്ഷകൾ തടഞ്ഞുവച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഭവനരഹിതരും നിരാലംബരുമായ വെളിയം പഞ്ചായത്തിലെ മറവൻകോടു മിച്ചഭൂമി കോളനിനിവാസികളായ പട്ടികജാതിക്കാർക്ക് സുവർണ്ണ ജൂബിലി സമ്പൂർണ്ണ പാർപ്പിട പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതിക്കാരിൽ നിന്നും 267 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) ലഭിച്ച അപേക്ഷകളിൽ 226 എണ്ണം പരിഗണിച്ചു; 4 എണ്ണം നിരസിച്ചു; 37 എണ്ണം മാറ്റിവച്ചു;

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly